ദായത്തിന് കിട്ടുന്ന ആനുകൂല്യം തട്ടിയെടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, 1976 വരെ തിരുവിതാംകൂർ-കൊച്ചിയിൽ മാത്രം തണ്ടാൻ സമുദായം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടിരുന്നു. എന്നാൽ 1977-ൽ പട്ടിക ജാതി പട്ടിക വർഗ്ഗ നിയമത്തിൽ ഭേദഗതി വരുത്തിയതോടുകൂടി മലബാർ പ്രദേശത്തുള്ള പ്രത്യേകിച്ചും പാലക്കാട് ഡിസ്ട്രിക്ടിലും തൃശ്ശൂർ ഡിസ്ട്രിക്ടിലെ തലപ്പള്ളി, ചാവക്കാട് താലൂക്കുകളിലുമുള്ള തണ്ടാൻമാർ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ചു. അങ്ങനെ ഏതാനുംപേർക്ക് ഈ ആനുകൂല്യം കിട്ടുകയും ചെയ്തു. എന്നാൽ തണ്ടാൻ എന്നു പേരുള്ളതുകൊണ്ടുമാത്രം അവർക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ കൊടുക്കുന്നത് തെറ്റാണെന്ന് പറഞ്ഞ് ആക്ഷേപമുണ്ടാകുകയും അതനുസരിച്ച് ചില ഭേദഗതികൾ വരുത്തിക്കൊണ്ട് സംസ്ഥാനഗവൺമെൻറ് ഒരു കൽപ്പന പുറപ്പെടുവിക്കുകയും ചെയ്തു. ആ കൽപ്പനയിൻമേൽ ഇതിൽ ബുദ്ധിമുട്ടനുഭവപ്പെടുന്ന ആളുകൾ കോടതിയെ സമീപിച്ചു. അവസാനം തണ്ടാൻമാരെ തിരുവിതാംകൂർ-കൊച്ചിയും മലബാറും തമ്മിൽ വേർതിരിക്കാൻ പാടില്ല എന്നുള്ള വിധി സുപ്രീം കോടതിയിൽ നിന്നുമുണ്ടായി. ഈ സാഹചര്യത്തിൽ ഗവൺമെൻറിന് ചെയ്യാൻ സാധിക്കുന്ന ഒരു നടപടി ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. അവരുടെ സർട്ടിഫിക്കറിലോ അല്ലെങ്കിൽ മറ്റു രേഖയിലോ വ്യത്യസ്തമായ പേരു കാണുകയാണെങ്കിൽ അത് ശദ്ധയിൽപ്പെട്ടു കഴിഞ്ഞാൽ റവന്യു ഉദ്യോഗസ്ഥൻമാർ പരിശോധിച്ച് ആ പരിശോധന ഹരിജൻ വെൽഫെയർ ഡയറക്ടറെ അറിയിച്ചാൽ ഡയറക്ടർ അത് കിർത്താഡിനെ അറിയിച്ച് അവരുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ തണ്ടാൻമാരാണെന്നു സ്ഥാപിച്ചു കിട്ടിയാൽ റിസർവേഷൻ ആനുകൂല്യം കൊടുക്കാൻവേണ്ടിയുള്ള വ്യവസ്ഥയാണ്. ഇന്നത്തെ ഈ നിലതുടരുന്നതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ അർഹതയില്ലാത്ത ആളുകൾക്ക് കിട്ടുന്നു എന്നുള്ള പരാതിയുണ്ട് എന്നുള്ളത് ശരിയാണ്. ഏതായാലും ഇന്ന് ഈ ഗവൺമെൻറ് എടുത്ത നടപടിയുടെ ഫലമായി കുറെ നിയന്ത്രിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ പട്ടിക ജാതി പട്ടിക വർഗ്ഗ നിയമം ഭേദഗതി ചെയ്തുകൊണ്ട് യഥാർത്ഥത്തിൽ പട്ടികജാതിക്കാരായിട്ടുള്ള തണ്ടാൻമാരല്ലാത്തവർക്ക് തണ്ടാൻ എന്ന നാമമുള്ളതുകൊണ്ടു മാത്രം കൊടുക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യണം. പല സംഘടനകളും നമ്മുടെ മുമ്പിലുണ്ട്, ബഹുമാനപ്പെട്ട മെമ്പറുടെകക്ഷിയിൽത്തന്നെ ഒരാൾ എം.എൽ.എ.വരെയായിട്ടുണ്ട്. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. ആ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി ഈ നിയമം ഭേദഗതി ചെയ്യണമെന്ന് സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നതാണ്.

(4) പേരൂർക്കട പ്രദേശത്തു നിലനിൽക്കുന്ന സംഘർഷാവസ്ഥ

ശ്രീ. ജി. കാർത്തികേയൻ : സർ, എൻെറ നിയോജക മണ്ഡലത്തിൽ പേരൂർക്കട എന്നു പറയുന്ന സ്ഥലത്ത് കഴിഞ്ഞ രണ്ടു മൂന്നുമാസമായി നിലനിൽക്കുന്ന ഒരു സംഘർഷാവസ്ഥയിലേക്ക് ബഹുമാനപ്പെട്ട സഭയുടെയും ആഭ്യന്തരവകുപ്പുമന്ത്രിയുടേയും ശദ്ധ ഞാൻ ക്ഷണിക്കുന്നു. കുറെനാളുകളായി രണ്ടു വിഭാഗം ജനങ്ങൾ തമ്മിൽ സംഘർഷം നടക്കുന്നു. രണ്ടുവിഭാഗത്തിൻെറ രണ്ടു വീടുകൾ അഗ്നിക്കിരയായി. അതിനകത്ത് രാഷ്ട്രീയത്തിൻെറ നിറമില്ല. ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിൻെറയും സഹായങ്ങൾ ഈ ശക്തികൾക്ക് കിട്ടുന്നില്ല. വ്യാജച്ചാരായക്കച്ചവടം കുടിൽവ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

മായി നടത്തുകയും അത് വാങ്ങി കൂടിക്കുകയും ചെയ്യുന്ന സാമൂഹ്യ വിരുദ്ധർ എന്ന പദം ഞാൻ ചേർക്കുന്നില്ലെങ്കിലും കുറെ ആളുകൾ, ആ പ്രദേശത്ത് സമാധാനമായി ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന ആളുകൾക്ക് ഭീഷണിയായി വന്നിരിക്കുകയാണ്. ഗവൺമെൻറ് ഉണർന്ന് പ്രവർത്തിച്ചിട്ടില്ലെന്നു ഞാൻ പറയുന്നില്ല. കുറെ ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. എങ്കിലും ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ആ പ്രദേശത്തെ സമാധാനം ആഗ്രഹിക്കുന്ന ആളുകളുടെ ജീവിതത്തിന് വലിയ ഭീഷണിയായി വരുന്ന ഇത്തരം സാമൂഹ്യ വിരുദ്ധർ എന്നു പറയുന്നത് ശരിയല്ലെങ്കിലും സാമൂഹ്യ ജീവിതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന ആളുകളെ അമർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിനെക്കൊണ്ട് കർക്കശമായ നടപടികളെടുപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, അവിടെ കള്ളച്ചാരായം വിൽപ്പന നടത്തുന്ന ചില സാമൂഹ്യ വിരുദ്ധരുണ്ടാക്കിയിട്ടുള്ള ഒരു സംഘർഷം കുറച്ചു ദിവസം നിലനിൽക്കുകയുണ്ടായി. രണ്ടു വിഭാഗങ്ങൾ തമ്മിൽ ചേരിതിരിയാനിടയായി. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് നാലു കേസെടുക്കുകയും പ്രതികളിൽ കുറെ പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി. ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്യാൻ ഊർജിത നടപടികളും സ്വീകരിട്ടുണ്ട്. മാത്രമല്ല 107-ാം വകുപ്പനുസരിച്ച് കരുതൽ നടപടി എന്ന നിലയിലും കുറേപ്പേരുടെ പേരിൽ നടപടി സ്വീകരിക്കുന്നുണ്ട്. അവിടെയാതൊരു വിധമായ സാമൂഹ്യ വിരുദ്ധ പ്രവർത്തനവും അനുവദിക്കുന്നതല്ല. അതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(5) തിരുവല്ല ട്രാൻസ്പോർട്ട് ഡിപ്പോയിലെ ഷെഡ്യൂൾ നിറുത്തലാക്കൽ

ശ്രീ. പി. സി. തോമസ് (തിരുവല്ല): സർ, എന്റെ നിയോജകമണ്ഡലത്തിൽ ഏറ്റവും തിരക്കുള്ള ഒരു ട്രാൻസ്പോർട്ട് ഡിപ്പോയാണ് തിരുവല്ല. ഈ അടുത്ത കാലത്ത് അവിടെ 18 ഷെഡ്യൂളുകൾ ഒറ്റയടിക്ക് നിറുത്തലാക്കി. പൊതുജനങ്ങൾ സമരത്തിലിറങ്ങി ബസുകൾ പിക്കറ്റു ചെയ്തു. ബസ് നിറുത്തലാക്കിയതിനെപ്പറ്റി വകുപ്പുമന്ത്രിക്കും മാനേജിംഗ് ഡയറക്ടർക്കും യാതൊരറിവുമില്ലെന്നാണ് അവർ പറയുന്നത്. സമരത്തെത്തുടർന്ന് എട്ടു ഷെഡ്യൂളുകൾ പുനരാരംഭിക്കുവാൻ നിർദ്ദേശം ലഭിച്ചു. എന്നാൽ അതിനുള്ള ബസുകൾ എത്തിച്ചേർന്നില്ല എന്നുള്ളത് നിർഭാഗ്യകരമാണ്. തിരുവല്ല വർക്ക്ഷോപ്പിൽ ഒൻപതു ബസുകൾ കട്ടപ്പുറത്തിരിക്കുകയാണ്. ഓടുന്ന വണ്ടികൾ പലതും കണ്ടീഷനിൽ അല്ല. തിരുവല്ല ഡിപ്പോയ്ക്ക് ഒരു പുതിയ ബസുപോലും കഴിഞ്ഞ വർഷത്തിൽ ലഭിച്ചിട്ടില്ല. തിരുവല്ലായിൽ നിന്നും റീ കണ്ടീഷൻ ചെയ്യാൻ തിരുവനന്തപുരത്തു കൊണ്ടുപോയ ആറു ബസുകൾ സിറ്റിബസുകളായി ഓടുകയാണ്. ഒരു എക്സ്പ്രസ് ബസോ ഒരു ഇൻറർസ്റ്റേറ്റ് ബസോ തിരുവല്ല സിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നില്ല. വളരാൻ കൊതിക്കുന്ന തിരുവല്ലായെ തളർത്തുന്ന നടപടികളാണ് കെ. എസ്. ആർ. ടി. സി അടുത്ത കാലത്തായി ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിൽ നിന്നെല്ലാം തിരുവല്ലായെ ഒരു സബ് ഡിപ്പോയുടെ സ്ഥാനത്തേക്ക് തരം താഴ്ത്താനുള്ള ബോധപൂർവമായ നീക്കങ്ങൾ അധികാരികൾ എടുക്കുന്നതായി ജനങ്ങൾക്കു തോന്നുന്നുണ്ട്. തിരുവല്ലായിൽ നിന്ന് കിഴക്കൻ പ്രദേശങ്ങളായ കോഴഞ്ചേരി, ചുങ്കപ്പാറ, മല്ലപ്പള്ളി തുടങ്ങിയ ഭാഗങ്ങളിലേക്ക് ലാഭകരമായി ഓടിക്കൊണ്ടിരുന്ന ഷെഡ്യൂളുകളാണ് ഫെബ്രുവരി 21-ാം തീയതി നിറുത്തലാക്കിയത്. പത്തനംതിട്ട ജില്ലയുടെ പടിഞ്ഞാറെ അറ്റത്തു കിടക്കുന്ന കാർഷികപ്രാധാന്യമുള്ള നെടുമ്പുറം, നിരണം

LIBRARY ARCHIVES Kerala Legislative Assembly